ഒരു സമരം നടത്തിയ വിവരം ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ്? അത് അംഗീകരിക്കാൻ എന്ത് നടപടി സ്വീകരിക്കും?

ശ്രീമതി എം. കമലം: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ് ശ്രീ. ഹസ്സനും പറഞ്ഞത്. അവർ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി, അവർക്ക് എന്തെങ്കിലും ഡൈവർഷൻ മുഖേന ഇരുപതു ലക്ഷം രൂപ കൊടുക്കാൻ കഴിയുമോ എന്ന് നോക്കിയപ്പോൾ റവന്യൂ അക്കൗണ്ടും കാപ്പിറൽ അക്കൗണ്ടും തമ്മിൽ ഈ അപ്രോപ്രിയേഷൻ പാടില്ല എന്ന് ധനകാര്യ വകുപ്പിൽനിന്ന് ശക്തമായ നിർദ്ദേശമുണ്ടായി. സപ്ലിമെൻററി ബഡ്ജറിൽ ഉൾപ്പെടുത്താൻ നോക്കിയിട്ട് അതിനും സാധിച്ചില്ല. ഇത്രവണ അതിശക്തമായ ശ്രമങ്ങൾ ഞങ്ങൾ തുടരുകയാണ്. കൃാബിനറിൽ ഇതു കൊണ്ടുപോകുന്നുണ്ട്, കൃാബിനറിന്റെ ഫോർമൽ അപ്രൂവലിനുവേണ്ട നടപടികൾ എടുത്തുവരികയാണ്.

ആയുർവ്വേദത്തിൽ പോസ്റ്റ്–ഗ്രാഡുവേറ്റ് സ്റ്റഡിയും അണ്ടർ–ഗ്രാഡുവേഷനും ഒരുമിപ്പിക്കണമെന്ന നിർദ്ദേശം

* 188 [234] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, കെ. ശങ്കരനാരായണ പിള്ള:

,, എം.എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിൽ പോസ്റ്റ്–ഗ്രാഡുവേറ്റ് സ്റ്റഡിയും അണ്ടർ ഗ്രാഡുവേഷനും ഒരുമിപ്പിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻസ് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് ഒരുമിപ്പിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) പോസ്റ്റ്–ഗ്രാഡുവേറ്റ് സെൻറർഷിപ്പ് പ്രവർത്തിക്കുന്നത് അണ്ടർ–ഗ്രാഡുവേഷനുള്ള കോളേജുകളിൽ ആയിരിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻസ് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് എല്ലാ ഗവൺമെൻറ് ആയുർവ്വേദ കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ നടപ്പിലാക്കുന്നതിന് ഗവൺമെൻറ് ഉത്തരവ് നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല.

(ബി) സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല

(ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സൻ: സർ, ആയുർവ്വേദത്തിൽ പോസ്റ്റ് ഗ്രാഡുവേറ്റ് സ്റ്റഡിയും അണ്ടർഗ്രാഡുവേഷനും ഒരുമിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിൽ ഇല്ലായെന്ന് പറഞ്ഞു. ഇത് നിരന്തരമായി ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഇതിനെക്കുറിച്ച് ഗവൺമെൻറ് വളരെ ഗൗരവമായി ആലോചിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കൗൺസിലിൻെറ നിർദ്ദേശം അണ്ടർ ഗ്രാഡുവേറ്റ് കോഴ്സ് നിലനിൽക്കുന്ന സ്ഥലത്തു മാത്രമേ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സും തുടങ്ങാവൂ എന്നാണ്. അല്ലാതെ ഇത് സംയോജിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. അതുകൊണ്ട് ഗവൺമെൻറ് പരിഗണിക്കുന്ന പ്രശ്നമേയില്ല.

കാലാവധി അവസാനിക്കാറായ പി.എസ്.സി. റാങ്ക്ലിസ്റ്റുകളിലെ റാങ്ക്ഹോൾഡേഴ്സ്

* 189 [235] ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി):

,, സി.കെ: ചക്രപാണി:

,, എ.കെ. പത്മനാഭൻ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. സി.ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ സർക്കാർ ആഫീസുകളിൽ പുതിയ നിയമനങ്ങളൊന്നും നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാലാവധി അവസാനിക്കാറായ പി.എസ്.സി. റാങ്ക്ലിസ്റ്റുകളിലുള്ള റാങ്ക് ഹോൾഡേഴ്സിൻെറ കാര്യത്തിൽ സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇവരുടെ റാങ്ക്ലിസ്റ്റിൻെറ കാലാവധി നീട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല. എന്നാൽ ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്തിൻെറ വിഭവസമാഹരണത്തിൻെറ ഭാഗമായി ഉൾപ്പെടുത്തിയ പ്രത്യേക മിതവ്യയ പരിപാടിയനുസരിച്ച് 1-4-1985 മുതൽ അടുത്ത ഒരു വർഷക്കാലത്തേക്ക് തൊഴിൽപരമോ സാങ്കേതികമോ ആയ ജോലികൾക്ക് അനിവാര്യമായതൊഴികെ മറ്റ് തരത്തിൽ പുതിയ അഡീഷണൽ തസ്തികകൾ സൃഷ്ടിച്ച് അവയിൽ നിയമനം നടത്തേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി), (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി): വിവിധ ജോലിയിലേക്ക് ധാരാളം ആളുകളെ ടെസ്റ്റിനു ക്ഷണിക്കുകയും ഇൻറർവ്യൂ നടത്തുകയും റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly